I/19383/2023

**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**

**സെക്രട്ടറിയുടെ നടപടി ഉത്തരവ്**

(ഹാജർ : എ. സന്തോഷ്)

വിഷയം:- കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അംഗം, അധ്യക്ഷൻ/ഉപാധ്യക്ഷൻ എന്നിവരുടെ സ്ഥാനങ്ങളിലുണ്ടാകുന്ന ആകസ്മിക ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള മാർഗ്ഗനിർദേശങ്ങൾ പുറപ്പെടുവിച്ചും പ്രൊഫോർമ പരിഷ്കരിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 12.10.2022 ലെ എ4/76/2022-സം.തി.ക(2) നമ്പർ സർക്കുലർ

ഉത്തരവ് നമ്പർ. B2/113/2023-SEC തീയതി: **26-05-2023**

**<u>ഉത്തരവ്</u>**

2000-ത്തിലെ കേരള പഞ്ചായത്ത് രാജ് (പ്രസിഡന്റിന്റെയോ വൈസ് പ്രസിഡന്റിന്റെയോ അംഗങ്ങളുടെയോ രാജി) ചട്ടങ്ങൾ 4(1) പ്രകാരവും 2005-ലെ കേരള മുനിസിപ്പാലിറ്റി (ചെയർപേഴ്സൺന്റെയോ ഡെപ്യൂട്ടി ചെയർപേഴ്സൺന്റെയോ കൗൺസിലർമാരുടെയോ രാജി) ചട്ടങ്ങൾ 4(1) പ്രകാരവും ഒരു പഞ്ചായത്ത് പ്രസിഡന്റിന്റെയോ വൈസ് പ്രസിഡന്റിന്റെയോ അംഗത്തിന്റെയോ ഒരു മുനിസിപ്പാലിറ്റിയുടെ ചെയർപേഴ്സൺന്റെയോ ഡെപ്യൂട്ടി ചെയർപേഴ്സൺന്റെയോ കൗൺസിലറുടെയോ രാജി ലഭിച്ച വിവരവും അത് പ്രാബല്യത്തിൽ വന്ന വിവരവും അതതു ദിവസം തന്നെ സെക്രട്ടറി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനെ അറിയിക്കേണ്ടതാണ്.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 149(4എ) വകുപ്പ് പ്രകാരവും 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 7(3എ) വകുപ്പ് പ്രകാരവും ഒരു പഞ്ചായത്ത് അംഗത്തിന്റെയോ മുനിസിപ്പാലിറ്റി കൗൺസിലറുടെയോ സ്ഥാനത്തിലുണ്ടാകുന്ന ആകസ്മിക ഒഴിവ്, ആ ഒഴിവ് ഉണ്ടായി ഏഴു ദിവസത്തിനകം ബന്ധപ്പെട്ട സെക്രട്ടറി നേരിട്ട് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനെ രേഖാമൂലം അറിയിക്കേണ്ടതും പ്രസ്തുത സമയത്തിനുള്ളിൽ ഒഴിവ് കമ്മീഷനെ അറിയിക്കുന്നതിൽ ന്യായമായ കാരണം കൂടാതെ വീഴ്ച വരുത്തുന്ന സെക്രട്ടറി ആയിരംരൂപയോളം ആകാവുന്ന പിഴശിക്ഷ നൽകി ശിക്ഷിക്കപ്പെടാവുന്നതും ഇതിലേക്ക് പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുന്നതിന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന് അധികാരമുണ്ടായിരിക്കുന്നതുമാണ്. മേൽപറഞ്ഞ പ്രകാരം തദ്ദേശ സ്ഥാപനങ്ങളിലുണ്ടാകുന്ന ആകസ്മിക ഒഴിവുകൾ നിശ്ചിത പ്രൊഫോർമയിൽ ശരിയായി റിപ്പോർട്ട് ചെയ്യുന്നതിന് ബന്ധപ്പെട്ട തദ്ദേശ സ്ഥാപന സെക്രട്ടറിമാർക്ക് നിർദേശം നൽകിയിരുന്നെങ്കിലും ചില തദ്ദേശ സ്ഥാപനങ്ങളിൽ നിന്ന് വാർഡിന്റെ പേര്, സംവരണം തുടങ്ങിയ സുപ്രധാന വിവരങ്ങൾ കൃത്യതയില്ലാതെയും അപൂർണമായും റിപ്പോർട്ട് ചെയ്തു വരുന്നതായി കമ്മീഷന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ, തദ്ദേശ സ്ഥാപനങ്ങളിലുണ്ടാകുന്ന അംഗം/കൗൺസിലർ/അധ്യക്ഷൻ/ഉപാധ്യക്ഷൻ എന്നീ സ്ഥാനങ്ങളിൽ ഉണ്ടാകുന്ന ആകസ്മിക ഒഴിവ് ബന്ധപ്പെട്ട സെക്രട്ടറി റിപ്പോർട്ട് ചെയ്യേണ്ട വിധം സംബന്ധിച്ച നിർദേശങ്ങൾ പുറപ്പെടുവിച്ചും അനുബന്ധ ഫാറങ്ങൾ പരിഷ്കരിച്ചും ഉത്തരവാകുന്നു.

**<u>മാർഗ്ഗനിർദേശങ്ങൾ</u>**

1. ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തിലെ അംഗത്തിന്റെയും മുനിസിപ്പൽ കൗൺസിൽ/മുനിസിപ്പൽ

കോർപ്പറേഷനിലെ കൗൺസിലറുടെയും ആകസ്മിക ഒഴിവ് ബന്ധപ്പെട്ട സെക്രട്ടറി പരാമർശത്തിലെ സർക്കുലർ പ്രകാരം www.sec.kerala.gov.in സൈറ്റിൽ ലോഗ് ഇൻ ചെയ്ത് Vacancy Module Software മുഖേന ഓൺലൈനായി സമർപ്പിക്കേണ്ടതും അതോടൊപ്പം അനുബന്ധം 1 ഫാറത്തിലെ പ്രിന്റ് ഔട്ടിൽ ഒപ്പും സീലും പതിച്ച് ബന്ധപ്പെട്ട രേഖകളുടെ പകർപ്പ് സഹിതം ഇ-മെയിൽ ആയോ നേരിട്ടോ ലഭ്യമാക്കേണ്ടതുമാണ്. ഒഴിവ് വിവരം അന്നേ ദിവസം തന്നെ ബന്ധപ്പെട്ട സെക്രട്ടറി കമ്മീഷനിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

2. തദ്ദേശ സ്ഥാപനങ്ങളിലെ പ്രസിഡന്റ്/വൈസ് പ്രസിഡന്റ്/ചെയർപേഴ്സൺ/ഡെപ്യൂട്ടി ചെയർപേഴ്സൺ/മേയർ/ഡെപ്യൂട്ടി മേയർ സ്ഥാനങ്ങളിലെ ആകസ്മിക ഒഴിവ് വിവരം അന്നേ ദിവസം തന്നെ ബന്ധപ്പെട്ട സെക്രട്ടറി പരാമർശത്തിലെ സർക്കുലർ പ്രകാരം സോഫ്റ്റ് വെയറിൽ ഓൺലൈനായി സമർപ്പിക്കേണ്ടതും അതോടൊപ്പം അനുബന്ധം 2 ഫാറത്തിലെ പ്രിന്റ് ഔട്ടിൽ ഒപ്പും സീലും പതിച്ച് രേഖകൾ സഹിതം e-mail ആയോ തപാലിലൂടെയോ ലഭ്യമാക്കേണ്ടതുമാണ്.
3. മേൽ പ്രകാരം ആകസ്മിക ഒഴിവുകൾ റിപ്പോർട്ട് ചെയ്യുമ്പോൾ വാർഡ് നമ്പരും പേരും, ഒഴിവ് വന്ന സ്ഥാനത്തിന്റെ പേര്, സംവരണം എന്നീ വിവരങ്ങൾ കൃത്യമാണെന്ന് ബന്ധപ്പെട്ട സെക്രട്ടറി ഉറപ്പ് വരുത്തുകയും നിയോജക മണ്ഡലം/വാർഡ് സംവരണം എന്നിവയുടെ കാര്യത്തിൽ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് കൂടി അനുബന്ധ ഫാറത്തിനൊപ്പം സമർപ്പിക്കുകയും വേണം.
4. മേൽ പ്രകാരം ആകസ്മിക ഒഴിവുകൾ റിപ്പോർട്ട് ചെയ്യുമ്പോൾ ആകസ്മിക ഒഴിവുകൾ ഉണ്ടാകാനുള്ള കാരണങ്ങളായ രാജി, അവിശ്വാസ പ്രമേയം പാസ്സായത്, അയോഗ്യത സംഭവിച്ചത് മുതലായ ആധികാരിക രേഖകളുടെ പകർപ്പുകൾ കൂടി ഉള്ളടക്കം ചെയ്ത് അനുബന്ധ ഫാറങ്ങൾക്കൊപ്പം സമർപ്പിക്കണം.
5. മേൽ നിർദേശങ്ങൾ യഥാവിധി പാലിക്കപ്പെടുന്നുണ്ടെന്ന് ബന്ധപ്പെട്ട ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

A.SANTHOSH
SECRETARY

To,

എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്കും

പകർപ്പ്:

എല്ലാ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കും
(പകർപ്പ് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ലഭ്യമാക്കുന്നതിന്)
എല്ലാ വരണാധികാരികൾക്കും
കമ്മീഷണറുടെ പി.എസ്. ന്
സെക്രട്ടറിയുടെ സി.എ. യ്ക്ക്
ഐ.ടി. സെൽ (വെബ്സൈറ്റിൽ ആവശ്യമായ അപ്ഡേഷൻ വരുത്തുന്നതിന്)

**അനുബന്ധം - 1**

**(ഉത്തരവ് നമ്പർ B2/113/2023-SEC തീയതി : 26.05.2023)**

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ **അംഗം/കൗൺസിലർ സ്ഥാനത്തെ ആകസ്മിക ഒഴിവ് സംബന്ധിച്ച റിപ്പോർട്ട്

| | | | |
|---|---|---|---|
| 1 | ജില്ലയുടെ പേര് | : | |
| 2 | തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ നമ്പരും പേരും | : | |
| 3 | നിയോജകമണ്ഡലത്തിന്റെ/വാർഡിന്റെ നമ്പരും പേരും | : | |
| 4 | *നിയോജകമണ്ഡലം/വാർഡ് സംവരണം ചെയ്യപ്പെട്ടതാണോ? | : | അതെ/അല്ല |
| | (a).അതെയെങ്കിൽ സംവരണ വിഭാഗം ഏത്? | : | **പട്ടികജാതി സ്ത്രീ/പട്ടികജാതി/ പട്ടികവർഗ്ഗം സ്ത്രീ/പട്ടിക വർഗ്ഗം/സ്ത്രീ |
| 5 | അംഗത്തിന്റെ/കൗൺസിലറുടെ പേര് | : | |
| 6 | അംഗം/കൗൺസിലർ വഹിച്ചിരുന്ന ഔദ്യോഗിക സ്ഥാനം | : | **പ്രസിഡന്റ്/ചെയർപേഴ്സൺ/ വൈസ് പ്രസിഡന്റ്/ഡെപ്യൂട്ടി ചെയർപേഴ്സൺ |
| | (a) സ്റ്റാന്റിംഗ് കമ്മിറ്റി **അംഗം/ ചെയർമാൻ എങ്കിൽ | : | സ്റ്റാന്റിംഗ് കമ്മിറ്റി അംഗം/സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ |
| | സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പേര് | : | |
| 7 | ആകസ്മിക ഒഴിവ് ഉണ്ടായ തീയതിയും സമയവും | : | |
| 8 | ഒഴിവ് ഉണ്ടാകാനുള്ള കാരണം | : | രാജി/അവിശ്വാസം/അയോഗ്യത/ മരണം/മറ്റ് |
| 9 | രാജി സംബന്ധിച്ച വിവരങ്ങൾ | : | |
| | (i) രാജി നിശ്ചിത ഫാറത്തിലാണോ? | : | |
| | (ii) രാജി സമർപ്പിച്ച തീയതി | : | |
| | (iii) രാജി സെക്രട്ടറിക്കാണോ സമർപ്പിച്ചത്? | : | |
| | (iv) സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിലാണോ രാജിക്കത്തിൽ ഒപ്പ് രേഖപ്പെടുത്തിയിട്ടുള്ളത്? | : | |
| | (v) രജിസ്റ്റേർഡ് തപാലിലാണോ സെക്രട്ടറിക്ക് ലഭിച്ചത്? എങ്കിൽ രാജിക്കത്ത് സാക്ഷ്യപ്പെടുത്തിയ ഗസറ്റഡ് ഉദ്യോഗസ്ഥന്റെ ഔദ്യോഗിക വിലാസം | : | |
| | (vi) രാജി കൈപ്പറ്റിയ സമയവും തീയതിയും | : | |
| | (vii) രാജി സമർപ്പിച്ച വ്യക്തിക്ക് കൈപ്പറ്റ് രസീത് നൽകിയിട്ടുണ്ടോ? | : | |

(viii) രാജി പ്രാബല്യത്തിൽ വന്ന തീയതി :

10 ഒഴിവ് വിവരം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനെ അറിയിച്ച തീയതി :

*പ്രസിഡന്റ്/ചെയർപേഴ്സൺ/ മേയറിന്റെ ഒപ്പും പേരും

.............**ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ

സെക്രട്ടറിയുടെ ഒപ്പ്

..............**ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ

സ്ഥലം :

തീയതി :

മുകളിൽ കൊടുത്തിട്ടുള്ള വിവരങ്ങളിൽ നിയോജക മണ്ഡലത്തിന്റെ/വാർഡിന്റെ നമ്പരും പേരും സംവരണം സംബന്ധിച്ച വിവരങ്ങൾ എന്നിവ നിയോജക മണ്ഡലത്തിന്റെ ഏറ്റവും പുതിയ അതിർത്തി നിർണയ ഉത്തരവ് പ്രകാരം ശരിയാണെന്ന് സാക്ഷ്യപ്പെടുത്തിക്കൊള്ളുന്നു.

സെക്രട്ടറിയുടെ ഒപ്പും പേരും

...............................................

**ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ

ഓഫീസ് സീൽ

പകർപ്പ്:

1. ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ
2.. വരണാധികാരി

*സംവരണം പട്ടികജാതി സ്ത്രീ, പട്ടികജാതി, പട്ടികവർഗ്ഗം സ്ത്രീ, പട്ടികവർഗ്ഗം, സ്ത്രീ എന്നിവയിൽ ഏതു വിഭാഗത്തിൽപ്പെടുന്നു എന്ന് വ്യക്തമാക്കേണ്ടതാണ്.

**ബാധകമല്ലാത്തത് വെട്ടിക്കളയുക.

**അനുബന്ധം - 2**

**(ഉത്തരവ് നമ്പർ B2/113/2023-SEC തീയതി : 26.05.2023)**

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ **മേയർ/ഡെപ്യൂട്ടി മേയർ/ചെയർപേഴ്സൺ/ ഡെപ്യൂട്ടി ചെയർപേഴ്സൺ/പ്രസിഡന്റ്/വൈസ് പ്രസിഡന്റ് സ്ഥാനത്തെ ആകസ്മിക ഒഴിവ് സംബന്ധിച്ച റിപ്പോർട്ട്**

| | | | |
|---|---|---|---|
| 1 | ജില്ലയുടെ പേര് | : | |
| 2 | തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ നമ്പരും പേരും | : | |
| 3 | ഒഴിവ് വന്ന സ്ഥാനം | : | **മേയർ/ഡെപ്യൂട്ടിമേയർ/ചെയർപേഴ്സൺ/ഡെപ്യൂട്ടിചെയർപേഴ്സൺ/ പ്രസിഡന്റ്/വൈസ് പ്രസിഡന്റ് |
| 4 | *ടി. സ്ഥാനം സംവരണം ചെയ്യപ്പെട്ടതാണോ? | : | **അതെ/അല്ല |
| | അതെയെങ്കിൽ സംവരണ വിഭാഗം ഏത്? | : | **പട്ടികജാതി സ്ത്രീ/പട്ടികജാതി/ പട്ടികവർഗ്ഗം സ്ത്രീ/പട്ടിക വർഗ്ഗം/സ്ത്രീ |
| 5 | സ്ഥാനം വഹിച്ചിരുന്ന ആളിന്റെ പേര് | : | |
| 6 | അംഗം/കൗൺസിലർ സ്ഥാനത്ത് ഒഴിവ് വന്നിട്ടുണ്ടോ? | : | ഉണ്ട്/ഇല്ല |
| | (a). ഉണ്ടെങ്കിൽ വാർഡ്/നിയോജക മണ്ഡലത്തിന്റെ നമ്പരും പേരും | : | |
| 7 | ആകസ്മിക ഒഴിവ് ഉണ്ടായ തീയതിയും സമയവും | : | |
| 8 | ഒഴിവ് ഉണ്ടാകാനുള്ള കാരണം | : | |
| 9 | രാജി സംബന്ധിച്ച വിവരങ്ങൾ | : | |
| | (i) രാജി നിശ്ചിത ഫാറത്തിലാണോ? | : | |
| | (ii) രാജി സമർപ്പിച്ച തീയതി | : | |
| | (iii) രാജി സെക്രട്ടറിക്കാണോ സമർപ്പിച്ചത്? | : | |
| | (iv) സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിലാണോ രാജിക്കത്തിൽ ഒപ്പ് രേഖപ്പെടുത്തിയിട്ടുള്ളത്? | : | |
| | (v) രജിസ്റ്റേർഡ് തപാലിലാണോ സെക്രട്ടറിക്ക് ലഭിച്ചത്? എങ്കിൽ രാജിക്കത്ത് സാക്ഷ്യപ്പെടുത്തിയ ഗസറ്റഡ് ഉദ്യോഗസ്ഥന്റെ പേരും ഔദ്യോഗിക വിലാസവും | : | |
| | (vi) രാജി കൈപ്പറ്റിയ സമയവും തീയതിയും | : | |
| | (vii) രാജിവച്ച വ്യക്തിക്ക് കൈപ്പറ്റ് രസീത് | : | |

നൽകിയിട്ടുണ്ടോ?

(viii) രാജി പ്രാബല്യത്തിൽ വന്ന തീയതി :

10 ഒഴിവ് വിവരം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനെ അറിയിച്ച തീയതി :

**മേയർ/ചെയർപേഴ്സൺ/പ്രസിഡന്റിന്റെ ഒപ്പും പേരും

സെക്രട്ടറിയുടെ ഒപ്പ്

......... **ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്ത്/
മുനിസിപ്പാലിറ്റി/കോർപ്പറേഷൻ

........... **ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്ത്/
മുനിസിപ്പാലിറ്റി/കോർപ്പറേഷൻ

സ്ഥലം :

തീയതി :

മുകളിൽ കൊടുത്തിട്ടുള്ള വിവരങ്ങളിൽ നിയോജക മണ്ഡലത്തിന്റെ/വാർഡിന്റെ നമ്പരും പേരും സംവരണം സംബന്ധിച്ച വിവരങ്ങൾ എന്നിവ നിയോജക മണ്ഡലത്തിന്റെ ഏറ്റവും പുതിയ അതിർത്തി നിർണയ ഉത്തരവ് പ്രകാരം ശരിയാണെന്ന് സാക്ഷ്യപ്പെടുത്തിക്കൊള്ളുന്നു.

സെക്രട്ടറിയുടെ ഒപ്പും പേരും

...............................................

**ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്ത്/
മുനിസിപ്പാലിറ്റി/കോർപ്പറേഷൻ

ഓഫീസ് സീൽ

പകർപ്പ്:

1. ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ
2.. വരണാധികാരി

*സംവരണം പട്ടികജാതി സ്ത്രീ, പട്ടികജാതി, പട്ടികവർഗ്ഗ സ്ത്രീ, പട്ടികവർഗ്ഗ, സ്ത്രീ എന്നിവയിൽ ഏതു വിഭാഗത്തിൽപ്പെടുന്നു എന്ന് വ്യക്തമാക്കേണ്ടതാണ്.

---

**ബാധകമല്ലാത്തത് വെട്ടിക്കളയുക.